## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3461 — 21/12/2012-ൽ മറുപടിക്ക്

## 'കഫേ കുടുംബശ്രീ'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

(എ) സംസ്ഥാനത്ത് 'കഫേ കുടുംബശ്രീ' സംരംഭത്തിന് തുടക്കമിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ് ;

(എ) & (ബി)

സംസ്ഥാനത്ത് **കഫേ കുടുംബശ്രീ** എന്ന പേരിൽ റസ്റ്റോറന്റുകൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ അതിഥി സൽക്കാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഇടപെടലാണ് കഫേ കുടുംബശ്രീ എന്ന പേരിലുള്ള റസ്റ്റോറന്റുകൾ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന അറുനൂറിലേറെ കാന്റീൻ-കാറ്ററിംഗ് സംരംഭങ്ങൾക്ക് വൈദഗ്ധ്യ വികസന പരിശീലനം നൽകി ഗുണപരമായ മെച്ചപ്പെടുത്തൽ പ്രകടപ്പിക്കുന്നവയ്ക്കാണ് ഇത്തരത്തിൽ പിന്തുണ നൽകുന്നത്. കേരളത്തിന്റെ തനതായ ഭക്ഷണസംസ്ക്കാരം കാത്തു സൂക്ഷിക്കുക, വിവിധ പ്രദേശങ്ങളിൽ നിന്നുള്ള തനതു ഭക്ഷ്യവിഭവങ്ങൾ വിപണിയിൽ അവതരിപ്പിക്കുക, അതിഥി സൽക്കാര മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം തൊഴിലാളി എന്നതിലുപരി സംരംഭങ്ങളുടെ ഉടമസ്ഥർ എന്ന നിലയിലേക്ക് വ്യവസ്ഥാപിതമാക്കുക, വിപുലമായിക്കൊണ്ടിരിക്കുന്ന റസ്റ്റോറന്റ് മേഖലയിലെ തൊഴിൽ-വരുമാന സാധ്യതകൾ സാധാരണ-ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക പുരോഗതിക്കു പ്രയോജനപ്പെടുത്തുക എന്നിവയാണ് കുടുംബശ്രീയുടെ ഈ മേഖലയിലെ ഇടപെടലിന്റെ ഉദ്ദേശ്യം.

വിവിധ പഞ്ചായത്ത്-നഗരസഭ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനത്തിൽപ്പെട്ട ക്യാന്റീൻ-കാറ്ററിംഗ് സംരംഭങ്ങളിൽ നിന്നും തൽപ്പരരായവരെ കുടുംബശ്രീ ജില്ലാമിഷനുകൾ മുഖേന കണ്ടെത്തി, തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ അതിഥി സൽക്കാരമേഖലയിലെ പരിശീലന സ്ഥാപനമായ ഐഫ്രം മുഖേന 3 മാസം മുതൽ 1 വർഷം വരെ നീളുന്ന പരിശീലനം നൽകപ്പെടുന്നു. യൂണിറ്റുകളുടെ മെനു പ്ലാനിംഗ്, വിഭവങ്ങളുടെ ഗുണപരത മെച്ചപ്പെടുത്തൽ, അതിഥികളുമായുള്ള ഇടപെടൽ മെച്ചപ്പെടുത്തൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, ചെലവ് ചുരുക്കു

ന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്നീ മേഖലകളിൽ തിയറി അടിസ്ഥാനപ്പെടുത്തിയും പ്രായോഗികമായും ഉള്ള പരിശീലനമാണ് നൽകപ്പെടുന്നത്. പരിശീലനവേള യിൽ പ്രകടമാക്കുന്ന മികവിന്റെ അടിസ്ഥാനത്തിൽ യൂണിറ്റുകൾക്ക് ഗ്രേഡിംഗ് നൽകുന്നു. മികച്ച ഗുണപരത പ്രകടമാക്കുന്നവയെ മിനിമം സ്റ്റാൻഡേർഡിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെങ്കിൽ **കഫേ കുടുംബശ്രീ** എന്ന പേരിൽ റസ്റ്റോറന്റുകൾ ആരംഭിക്കുന്നു.

ഇതു കൂടാതെ വിവിധ നഗരങ്ങളിൽ കുടുംബശ്രീ നേരിട്ടും മറ്റു സ്ഥാപനങ്ങളുമായി ചേർന്നും നട ത്തുന്ന ഭക്ഷ്യമേളകളിൽ പങ്കെടുക്കുന്ന ക്യാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾക്കും ഇത്തരം മേളകളുടെ ഭാഗമായുള്ള പരിശീലനവും നൽകി വരുന്നു.

(സി) പ്രസ്തുത സംരംഭം എല്ലാ ജില്ലകളി ലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരി ഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) **കഫേ കുടുംബശ്രീ** എന്ന പേരിൽ റസ്റ്റോറന്റുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നത് പരിഗണനയിലുള്ള വിഷയമാണ്. വിവിധ ജില്ലക ളിലെ യൂണിറ്റുകളുടെ വിവരശേഖരണം നടത്തി വരുന്നു. ഇരുപതോളം യൂണിറ്റുകളുടെ പരിശീ ലനം വിവിധ ഭക്ഷ്യമേളകളുടെ ഭാഗമായി പുരോഗ തിയിലാണ്.

**സെക്ഷൻ ഓഫീസർ**